# സെന്റുപോൾസ് പ്രേയർഫെല്ലോഷിപ്പ്.

**ചൊവ്വാഴ്ചസന്ധ്യകളിൽടെലിഫോണിൽകൂടിയുള്ളപ്രാർഥനയിൽ പങ്കെടുക്കുക.**

കർത്താവിൽ പ്രിയരേ എല്ലാ ചൊവ്വാഴ്ചയും സന്ധ്യയ്ക്കു നിങ്ങളുടെ വീട്ടിലെ ടെലിഫോണിൽ കൂടി ഒരു സന്ധ്യാപ്രാർഥനയിൽ പങ്കെടുക്കുവാനുള്ള അവസരം ലഭിക്കുന്നു. നിങ്ങൾ ചെയ്യേണ്ടതു്. ചൊവ്വാഴ്ച സന്ധ്യക്കു കൃത്യം 7മണിയ്ക്കു നിങ്ങളുടെ ടെലിഫോണിൽ നിന്നു **605 - 781-1000** ഡയൽ ചെയ്യുക. അപ്പോൾ വെൽകം ടു ദി ഫ്രീകോൺഫ്രൻസു കാൾ എന്ന സ്വാഗതം കേൾക്കാം. എന്നിട്ടു് **362788#**എന്ന നമ്പരും കൂടെ **നമ്പർ ചിഹ്നവും** ഡയൽ ചെയ്യുക. പ്രസ്തുത നമ്പർ തന്നെയാണു് നിങ്ങൾ ഡയൽ ചെയ്തതെങ്കിൽ അതുറപ്പു വരുവാൻ നമ്പർ **1** കൂടി ഡയൽ ചെയ്യുക. അപ്പോൾ നിങ്ങൾ പ്രാർത്ഥനയ്ക്കു ള്ളിലായിക്കഴിഞ്ഞു, സമയം ലഭിച്ചാൽ നിങ്ങളെ സ്വയം പരിചയപ്പെടുത്തുക. അല്ലെങ്കിൽ പ്രാർഥനയിൽ ചേർന്നുചൊല്ലുക. നിങ്ങൾക്കു സ്വയം തെരഞ്ഞെടുത്ത പുതിയ നിയമമോ പഴയ നിയമമോ ഏകദേശം 5minute. വായിക്കാം. തുടർന്നു കൗമോ ചൊല്ലുകയോ ചേർന്നു ചൊല്ലുകയോ മാതാവിന്റെ അപേക്ഷയോ ചൊല്ലുകയോ ചെയ്യാം. കൗമോ പ്രാർഥന നമ്മുടെ ഭവനങ്ങളിൽ പരിചയിക്കുക എന്നതാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു. ഇതു മറ്റുള്ളവർക്കും പ്രയോജനപ്പെടുവാൻ നിങ്ങളെ ദൈവം ഉപയോഗിക്കട്ടെ.

നന്ദിയോടെ ജോസച്ചൻ.

**വി. കുർബ്ബാന്യ്ക്കും വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥപ്രാർത്ഥന്യ്ക്കും പേരു തരുന്നവരുടെ ശ്രദ്ധയ്ക്കു്.** ജീവിച്ചിരിക്കുന്നവരുടെ പേരുകൾ തരുമ്പോൾ അതു അപേക്ഷകുർബ്ബാനയ്ക്കു അല്ലെങ്കിൽ നേർച്ചക്കുർബ്ബാനയ്ക്കുള്ള ലിസ്റ്റിൽ വേണം തരേണ്ടതു്. അതു് അതാതു പള്ളിയിലെ കാവൽ പിതാവിന്റെ മദ്ധ്യസ്ഥതയ്ക്കായുള്ള നേർച്ചയായിട്ടാണു് കുർബ്ബാനയിൽ ഓർക്കുന്നതു്. മാതാവിന്റെ പേരിൽ നേർച്ചയായി ചൊല്ലേണ്ടതാണെങ്കിൽ അതു അങ്ങനെ പ്രത്യേകം പറഞ്ഞു് പേരെഴുതിക്കണം. മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർഥനയാണെങ്കിൽ അതിനുള്ള ലിസ്റ്റിൽ തന്നെ എഴുതിക്കണം. മറ്റു പെരുന്നാളുകളോ അതുപോലെ സമയച്ചുരുക്കം ഉള്ള ദിവസങ്ങളിലോ മദ്ധ്യസ്ഥപ്രാർഥന(St.Mary). നടത്തുകയില്ല, എന്നറിയിക്കട്ടെ. പരേതരുടെ ശ്രാദ്ധമോ ഓർമ്മയോ നടത്തുമ്പോൾ അതു ഓർമ്മക്കുർബ്ബാന എന്ന ലിസ്റ്റിൽ ചേർക്കണം. **പേരുകൾ കുർബ്ബാനയിൽ ഓർക്കുന്നതു് തൂയോബോ (ഒരുക്കശുശ്രൂഷ)മുതലാണു്. അതുകൊണ്ടു് പട്ടക്കാർ പ്രാർഥനാ മദ്ധ്യത്തിൽ മദ്ബഹായിലേക്കു് പ്രവേശിക്കുന്ന സമയത്തു് ലഭിക്കത്തക്കവണ്ണം പേരുകൾ തന്നു സഹായിക്കണമെന്നു ജോസച്ചൻ താഴ്മയായി അപേക്ഷിക്കുന്നു.**